**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2973** **10-03-2025 - ൽ മറുപടിയ്ക്ക്**

**ജല അതോറിറ്റി ജീവനക്കാരുടെ സൗജന്യ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജല അതോറിറ്റി ജീവനക്കാരുടെ സൗജന്യ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നിർത്തലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഇല്ല. |
| (ബി) | ജീവനക്കാർക്ക് ലഭ്യമാകേണ്ട മെഡിക്കൽ ആനുകൂല്യത്തിൽ നിന്നും 50% തുക പ്രീമിയം ആയി മാറ്റിവെച്ച് 2014-ൽ നടപ്പാക്കിയ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നിർത്തലാക്കാൻ തീരുമാനിച്ചതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | ബാധകമല്ല . |
| (സി) | ജീവനക്കാരിൽ നിന്ന് പ്രീമിയം ഈടാക്കുന്ന സാഹചര്യത്തിൽ പദ്ധതിയിൽ എന്തൊക്കെ വ്യത്യാസങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ; തൊഴിലുടമ വിഹിതമായി വാട്ടർ അതോറിറ്റി വിഹിതം നൽകുമോ; വിശദാംശം നൽകുമോ? | (സി) | കേരള ജല അതോറിറ്റി ജീവനക്കാരിൽനിന്നും മെഡിക്കൽ ഇൻഷ്വറൻസിനായി പ്രീമിയം ഈടാക്കുന്നില്ല. പകരം ബോർഡിന്റെ നിർദ്ദേശമനുസരിച്ച ജീവനക്കാരിൽനിന്നും 500/-രൂപ ഈടാക്കുവാൻ തീരുമാനിച്ചെങ്കിലും അംഗീകൃത യൂണിയനുകൾ വിയോജിപ്പ് പ്രകടിപ്പിച്ചതിനെത്തുടർന്നു തീരുമാനം പുനഃപരിശോധിക്കുന്നതിനായി പ്രസ്തുത വിഷയം ബോർഡിന്റെ പരിഗണനക്കായി കൊണ്ടു വരുന്നതിനു തീരുമാനിച്ചിട്ടുണ്ട്. ബോർഡിന്റെ തീരുമാനമനുസരിച്ച ഇൻഷ്വറൻസ് സ്കീമിൽ നിന്നും ജീവനക്കാരുടെ ആശ്രിതരുടെ പട്ടികയിലുള്ള മാതാപിതാക്കളുടെ അഭാവത്തിൽ പകരമായി ഉൾപ്പെടുത്തിയിരുന്ന ഭാര്യ/ഭർതൃ മാതാവ്-പിതാവ് എന്നിവരെ ഒഴിവാക്കുവാനും ജീവനക്കാരനെ പൂർണ്ണമായും ആശ്രയിക്കുന്ന മാതാപിതാക്കളെയും ജീവിത പങ്കാളിയെയും കുട്ടികളെയും ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പ്രീമിയം തുക ജല അതോറിറ്റിയാണ് അടക്കുന്നത്. |

സെക്ഷൻ ഓഫീസർ